LIBRARY ARCHIVES Kerala Legislative Assembly

## ജി.എസ്.ടി. മൂലം കരാറുകാർക്കുണ്ടാകുന്ന നഷ്ടം പരിഹരിക്കാൻ നടപടി

48(3671) ശ്രീ. മോൻസ് ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 1-7-2017-ന് മുൻപ് എഗ്രിമെൻറ്വച്ച പ്രവൃത്തികൾക്ക് 4% വാറ്റ് ഉണ്ടായിരുന്നത് ഇപ്പോൾ 12%-മായി വർദ്ധിച്ചതുമൂലം പാർട്ട് ബിൽ സമർപ്പിക്കുന്ന കരാറുകാർക്കുണ്ടാകുന്ന 8% തുകയുടെ നഷ്ടം പരിഹരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; ഈ പ്രശ്നം പരിഹരിക്കുന്നതിന് ഇതുവരെ എന്ത് നടപടി സ്വീകരിച്ചു എന്നുകൂടി വ്യക്തമാക്കാമോ;

(ബി) 1-7-2017-ന് മുൻപ് വാങ്ങിയിരുന്ന ശുദ്ധജല വിതരണപൈപ്പുകൾക്ക് കേന്ദ്ര എക്സൈസ് ഡ്യൂട്ടി ഒഴിവാക്കി സെൻട്രൽ സെയിൽടാക്സ് 2% മാത്രം ഈടാക്കിയിരുന്ന സാഹചര്യത്തിൽ ഇപ്പോൾ 18% ജിഎസ് ടി ഈടാക്കുന്നതു മൂലം സംസ്ഥാനത്തെ ശുദ്ധജല വിതരണ കരാറുപണികൾ മുഴുവനും നിർത്തിവയ്ക്കേണ്ട അവസ്ഥ സംജാതമായിരിക്കുന്നത് പരിഹരിക്കാൻ എന്ത് നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ) വാറ്റ് നിയമപ്രകാരം 4% വാറ്റ് നികുതി അടച്ചിരുന്നത് ഇൻപുട്ട് ടാക്സ് ക്രെഡിറ്റിന്റെ ആനുകൂല്യം ലഭ്യമാകാതെയാണ്. ജി.എസ്.ടി.-യിൽ അന്യസംസ്ഥാനത്തു നിന്നും വാങ്ങുന്ന സാധനങ്ങൾക്ക് ഉൾപ്പെടെ ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭ്യമാകുമെന്നതിനാൽ ഈ പറയുന്ന രീതിയിലുള്ള നഷ്ടം കരാറുകാർക്ക് ഉണ്ടാവുകയില്ല. പ്രശ്ന പരിഹാരത്തിനുള്ള നടപടി സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) ജി.എസ്.ടി. നിലവിൽവന്ന പശ്ചാത്തലത്തിൽ നികുതി വ്യവസ്ഥയിൽ ഉണ്ടായ മാറ്റം കരാറുകാർക്കിടയിൽ ആശയക്കുഴപ്പം സൃഷ്ടിക്കുകയും തന്മൂലം പുതിയ കരാറുകളിൽ ഏർപ്പെടുന്നതിന് വിമുഖത കാണിക്കുന്നതായും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വാട്ടർ അതോറിറ്റിയിൽ കരാർ വിളിക്കുന്ന സമയത്ത്തന്നെ പ്രസിദ്ധീകരിക്കുന്ന NIT-യിൽ (നോട്ടീസ് ഇൻവൈറ്റിംഗ് ടെണ്ടർ) സർക്കാർ അതത് സമയത്ത് വരുത്തുന്ന നികുതി വ്യത്യാസങ്ങൾ തട്ടികിഴിക്കുന്നതിനുള്ള വ്യവസ്ഥകൾ നൽകിയിട്ടുണ്ട്.

## അയൽ സംസ്ഥാനങ്ങളിൽനിന്നും നികുതി വെട്ടിച്ച് ചരക്കുകൾ കടത്തുന്നതിനുള്ള സാധ്യത

49(3672) ശ്രീ. എ. എൻ. ഷംസീർ :
ശ്രീ. ബി. സത്യൻ :
ശ്രീ. സി. കെ. ഹരീന്ദ്രൻ :
ശ്രീ. കാരാട്ട് റസാഖ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. പ്രാബല്യത്തിൽ വരുന്നതോടുകൂടി അന്തർ സംസ്ഥാന വ്യാപാര മേഖലയിൽ എന്തെല്ലാം മാറ്റങ്ങളാണ് ഉണ്ടാകുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) അന്തർ സംസ്ഥാന വ്യാപാരം സംബന്ധിച്ച വ്യവസ്ഥകളിൽ മാറ്റം വരുന്നതോടെ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം മന്ദീഭവിക്കാൻ ഇടയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ സാഹചര്യം ദുരുപയോഗം ചെയ്ത് അയൽ സംസ്ഥാനങ്ങളിൽ നിന്നും നികുതി വെട്ടിച്ച് ചരക്കുകൾ കടത്തുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ടോ;

(ഡി) എങ്കിൽ ഇതു തടയുന്നതിനായി അതിർത്തി പ്രദേശങ്ങളിലെ എല്ലാ പ്രധാന റോഡുകളിലും നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നടപ്പിലാകുന്നതോടുകൂടി സംസ്ഥാനാന്തര വ്യാപാരത്തിന്മേലുള്ള എല്ലാ നിയന്ത്രണങ്ങളും നീക്കംചെയ്യപ്പെടുന്നു. രാജ്യം ഒരു ഏകീകൃത കമ്പോളമാകുന്നു. അന്തർ സംസ്ഥാന കൈമാറ്റങ്ങളിൽ നൽകിയ നികുതി, വാങ്ങിയ വ്യാപാരികൾക്ക് അവർ തുടർ വില്പന നടത്തുമ്പോൾ ഇൻപുട്ട് ക്രെഡിറ്റ് എടുക്കാവുന്നതാണ്. നികുതിക്കുമേൽ നികുതിയെന്നുള്ളത് പൂർണ്ണമായും ഇല്ലാതാകുന്നു. ആയതിനാൽ എല്ലാ സപ്ലൈയിലും നൽകുന്ന നികുതി ഇൻവോയിസിൽനിന്നും വ്യക്തമായി മനസ്സിലാക്കാം. നികുതികൾ അന്തർ സംസ്ഥാന കൈമാറ്റ സമയത്തുതന്നെ സർക്കാരിന് ലഭ്യമാകും. മുൻപുണ്ടായിരുന്നതുപോലെ തുടർ വില്പനവരെ കാത്തിരിക്കേണ്ട കാര്യമില്ല.

(ബി) അന്തർ സംസ്ഥാന വ്യാപാരത്തിലെ അതിർത്തികൾ മാഞ്ഞതോടെ ചെക്ക്പോസ്റ്റുകൾക്ക് പഴയ പ്രസക്തി നിയമപരമായി ഇല്ല. ജി.എസ്.ടി. നിയമപ്രകാരം ചെക്ക്പോസ്റ്റുകൾ facilitation centre മാത്രമാക്കി പരിമിതപ്പെടുത്തിയിട്ടുണ്ട്.

(സി) പൂർണ്ണമായും കമ്പ്യൂട്ടർവൽകൃത നികുതി നിർവ്വഹണ സമ്പ്രദായമാണ് ജി.എസ്.ടി. എന്നതിനാൽ നികുതി വെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നിരുന്നാലും അയൽ സംസ്ഥാനങ്ങളിൽനിന്നും നികുതിവെട്ടിച്ച് ചരക്കുകൾ കടത്തുന്നതിനുള്ള സാധ്യത നിലനിൽക്കുന്നുണ്ട്.

(ഡി) പ്രധാന പാതകളിലും ഊടുവഴികളിലും നിരീക്ഷണ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്.

**ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം**

50(*T3673) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി (GST) വന്നശേഷം കേരളത്തിലെ ചെക്ക് പോസ്റ്റുകൾ പ്രവർത്തനക്ഷമമല്ലെന്ന പത്രമാധ്യമങ്ങളിലെയും ദൃശ്യമാധ്യമങ്ങളിലെയും വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

LIBRARY ARCHIVES Kerala Legislative Assembly